പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*163 — 01.02.2018 ൽ മറുപടിക്ക്

## ഒ.പി വിഭാഗത്തിലെ രോഗികളുടെ വർദ്ധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ.പി.ജെ.ജോസഫ്<br>,, റോഷി അഗസ്റ്റിൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആശുപത്രികളിൽ ഒ.പി വിഭാഗത്തിൽ എത്തുന്ന രോഗികളുടെ എണ്ണത്തിലുള്ള വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് എത്രശതമാനം വർധനവാണ് ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) & (ബി) | ഒ.പി.വിഭാഗത്തിൽ ദിനംപ്രതി എത്തുന്ന രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ റിപ്പോർട്ട് ക്രോഡീകരിച്ചാണ് വാർഷിക റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. ഇപ്രകാരം തയ്യാറാക്കിയ കഴിഞ്ഞ പത്തു വർഷത്തെ രോഗികളുടെ വർദ്ധനവു സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇത് സംബന്ധിച്ച് പ്രതിമാസ,അർദ്ധവാർഷിക,വാർഷിക കണക്കെടുപ്പ് നടത്താറുണ്ടോ;സമാഹൃത റിപ്പോർട്ടുകൾ ലഭ്യമാണോ;ഇല്ലെങ്കിൽ അത്തരം കണക്കെടുപ്പിന് നടപടി സ്വീകരിക്കുമോ, | | |
| (സി) | രോഗികളുടെ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിൽ ആനുപാതികമായ വർധനവ് സ്റ്റാഫിന്റെയും ഡോക്ടർമാരുടെയും എണ്ണത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | നിലവിൽ സർക്കാർ ആരോഗ്യ മേഖലയിലെ സമഗ്ര പുരോഗതിയ്ക്കായി മെച്ചപ്പെട്ട ചികിത്സയും അടിസ്ഥാന സൗകര്യങ്ങളും രോഗികൾക്ക് ഒരുക്കുന്നതിനായി ആർദ്രം പദ്ധതി ആവിഷ്കരിക്കുകയും 2017 -18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ മൂന്നു വർഷം കൊണ്ട് 5257 പുതിയ തസ്തികകൾ സൃഷ്ടിക്കുമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം വിവിധ ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളേയും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും തെരെഞ്ഞെടുത്ത് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഡോക്ടർ, നേഴ്സുമാർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ മറ്റു പാരാമെഡിക്കൽ ജീവനക്കാർ, വിവിധ മറ്റു ജീവനക്കാർ എന്നിവർ ഉൾപ്പടെ ആകെ മൊത്തം 2130 വിവിധ തസ്തികകൾ ഇതിനകം ആരോഗ്യ വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് സമഗ്ര പഠനം നടത്തി ആവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റു സ്റ്റാഫിന്റെയും ലഭ്യത ഉറപ്പുവരുത്തുമോ? | | |

സെക്ഷൻ ഓഫീസർ

നിയമസഭ

| DETAILS OF ALL OUT PATIENTS IN KERALA FROM 2007-08 TO 2016-17 | | | |
|---|---|---|---|
| SL.NO. | YEAR | OUT PATIENTS | INCREASING PERCENTAGE |
| 1 | 2007-08 | 51414151 | |
| 2 | 2008-09 | 50769271 | -1.25 |
| 3 | 2009-10 | 55150452 | 8.63 |
| 4 | 2010-11 | 66273237 | 20.17 |
| 5 | 2011-12 | 63871138 | -3.62 |
| 6 | 2012-13 | 74909764 | 17.28 |
| 7 | 2013-14 | 83141930 | 10.99 |
| 8 | 2014-15 | 98570874 | 18.56 |
| 9 | 2015-16 | 110035069 | 11.63 |
| 10 | 2016-17 | 115081112 | 4.59 |

സെക്ഷൻ ഓഫീസർ